DESPATCHED
On....17/3/2020

31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No. 425(5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 1725/SIC-G7/2019

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഷിഹാബുദ്ദീൻ എം.,
കൊച്ചുചെറുകുന്നത്ത്,
കോഴിക്കോട്, എസ്.വി.എം. പി.ഒ.,
കരുനാഗപ്പള്ളി, കൊല്ലം – 690 518.
} **അപ്പീൽ ഹർജിക്കാരൻ**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കൃഷി (ഫാംസ്) വകുപ്പ്,
രണ്ടാം നില, അനക്സ് – 2,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

അപ്പീൽ അധികാരി,
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം
} **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 30.05.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 15.09.2018 |
| ഒന്നാം അപ്പീൽ | 10.10.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.11.2018 |
| രണ്ടാം അപ്പീൽ | 30.01.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ ഗവണ്മെന്റ് സെക്രട്ടേറിയറ്റ് കൃഷി (ഫാംസ്) വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

1) കൃഷി (ഫാംസ്) വകുപ്പ് 01.09.2015 ൽ ഇറക്കിയ സ.ഉ.(സാധാ) 1450/2015/കൃഷി ഉത്തരവ് പ്രകാരം കൃഷി ഡയറക്ടർ നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിനെ തുടർന്ന് വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആയതിന് 08.02.2013 മുതൽ സ്റ്റോർ ഇൻ ചാർജ്ജ് തസ്തികയിലേയ്ക്ക് നടത്തിയിട്ടുള്ള ഉദ്യോഗകയറ്റങ്ങൾ വിശദമായി പുന: പരിശോധിച്ച് കാലതാമസം കൂടാതെ നടപടി പൂർത്തീകരിക്കാം എന്ന് അറിയിച്ചിരുന്നു, എങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ബഹു. കൃഷി ഡയറക്ടർ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്.

2) കാർഷിക വികസനകർഷക ക്ഷേമ വകുപ്പിലെ എസ്.എസ്.എൽ.സിയും, ഐ.ടി.ഐ.യും പാസ്സായിട്ടുള്ള മെക്കാനിക്കുകൾക്ക്, സീനിയർ മെക്കാനിക്ക്, ഫോർമാൻ എന്നീ തസ്തികകളിൽ ഉദ്യോഗകയറ്റം ലഭിച്ചതിനുശേഷം പിന്നീട് ഏത് തസ്തികയിലേക്കാണ് ഉദ്യോഗകയറ്റം നൽകുന്നത്, എന്നിങ്ങനെ 5 വിവരങ്ങളാണ്.

**2.** ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പ്രസ്തുത എസ്.പി.ഐ.ഒ.യുടെ പക്കൽ ലഭ്യമല്ലാത്തതിനാൽ അപേക്ഷയുടെ പകർപ്പ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു നൽകിയ വിവരം അപ്പീൽവാദിയെ അറിയിക്കുകയും ചെയ്തു. 15.009.2018 തീയതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം എസ്.പി.ഐ.ഒ. ടിയാന് മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടിയിൽ തൃപ്തനാകാതിരുന്ന ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ അധികാരിയുടെ തീരുമാനത്തിലും തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

**3.** അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, വിവരാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മറുപടി ലഭിച്ചിട്ടില്ല എന്നും മേപ്പടി വിവരാവകാശ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിന് യഥാസമയം മറുപടി ലഭിക്കാത്തതിനാൽ 01.06.2016 മുതൽ കിട്ടേണ്ടതായ പ്രമോഷൻ നഷ്ടപ്പെട്ടിരിക്കുകയാണെന്നും അതിനാൽ ഗുരുതരമായ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നുമാണ്. നേർ വിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ 14.08.2018 തീയതിയാണ് ടി ഓഫീസിൽ ലഭ്യമായതെന്നും 21.08.2018 ൽ ആയത് സെക്ഷനിൽ ലഭ്യമായി എന്നും 15.09.2018 ന് വിവരം നൽകി എന്നുമാണ്. കൂടാതെ മേപ്പടി വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് എസ്.പി.ഐ.ഒ. സമർപ്പിക്കുകയുണ്ടായി. ആയതിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരന് അയച്ചു നൽകുകയും ഉണ്ടായി.

**4.** അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, മേപ്പടി അപേക്ഷയുമായി ബന്ധപ്പെട്ട് മറ്റൊരു ഉത്തരവ് AP 1415(3)/17/SIC നമ്പർ ഫയലിന്മേൽ നൽകിയിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. ടി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഇതിനോടകം ലഭ്യമായിട്ടുണ്ട് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. വിവരം ലഭ്യമാക്കണമെന്ന് ടിയാൻ അറിയിച്ചിട്ടും ഇല്ല.

5. ഈ സാഹചര്യത്തിൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കി യിട്ടുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ. യുടെ റിപ്പോർട്ടിന്റെയും മൊഴിയുടെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO
INFORMAT